പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5277  1/07/2014-ൽ മറുപടിക്ക്

# ചെറുകിട വൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>,, അൻവർ സാദത്ത്<br>,, എ. റ്റി. ജോർജ്<br>,, വർക്കല കഹാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |

(എ) ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(എ) നിർമ്മാണം പുരോഗമിക്കുന്ന 10 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ ഈ സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി 31 MW-ന്റെ 7 ചെറുകിട ജലവൈദ്യുത പദ്ധതികൾ ടെണ്ടർ ചെയ്യുവാൻ ലക്ഷ്യമിടുന്നു. കൂടാതെ സ്വകാര്യ സംരംഭകർ വഴി 222 മെഗാവാട്ടിന്റെ 62 ചെറുകിട ജല വൈദ്യുതപദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം പദ്ധതികളാണ് ഇക്കാലത്ത് കമ്മിഷൻ ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി)

| | |
|---|---|
| 1. റാന്നി - പെരുനാട് SHEP | 4 MW |
| 2. പീച്ചി SHEP | 1.25 MW |
| 3. കാരിക്കയം SHEP | 10.50 MW |
| 4. ഇരുട്ടുക്കാനം Stage II | 1.50 MW |
| 5. മാങ്കുളം മിനി ജല വൈദ്യുതപദ്ധതി | 0.110 MW (110 KW) |
| 6. മീൻവല്ലം | 3.000 MW |
| ആകെ | 20.36 MW |

| | | | |
|---|---|---|---|
| (സി) | ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കപ്പെട്ടത്; വിശദമാക്കുമോ; | (സി) | ഈ വഴി 20.36 മെഗാവാട്ടിന്റെ സ്ഥാപിത ശേഷി വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | പദ്ധതികൾ കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സർക്കാർ തലത്തിലും, ബോർഡുതലത്തിലും പദ്ധതിയുടെ പുരോഗതി അവലോകനം നടത്തി വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ 5 ചെറുകിട ജലവൈദ്യുത പദ്ധതികൾ Fast track-ൽ ഉൾപ്പെടുത്തി കരാറുകാർക്ക് വേഗത്തിൽ ബിൽ തുക ലഭ്യമാക്കുവാനും അതുവഴി പുരോഗതി ഉറപ്പുവരുത്തുവാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**